24
ജൂലൈ 2023
തിങ്കൾ
Pages- 5
Vol. 2 Issue 171

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission
CNL7 MEDIA
540

# മണിപ്പൂർ ഐക്യദാർഢ്യ സംഗമം നാളെ തിരുവനന്തപുരത്ത്



പേജ് 2 കാണുക




## വിംഗ്സ് ഓഫ് ഹോപ്: ക്രിസ്ത്യൻ ലൈവിൽ നിന്നും പുതിയ ഡിജിറ്റൽ വീക്ക്‌ലി

ബാംഗ്ലൂർ: ക്രിസ്ത്യൻ ലൈവ് മീഡിയയുടെ നേതൃത്വത്തിൽ വിംഗ്സ് ഓഫ് ഹോപ് എന്ന പേരിൽ ഇംഗ്ലീഷ് ഡിജിറ്റൽ വീക്ക്‌ലി ആരംഭിച്ചു. ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ നിന്നുള്ള എഴുത്തുകാരാണ് ഇതിൽ രചനകൾ തയ്യാറാക്കുന്നത്. ക്രിസ്തുവിനായി നവ തലമുറയെ ഒരുക്കുക എന്നതാണ് ലക്ഷ്യം.

സൗജന്യ കോപ്പികൾ വാട്സാപ്പിൽ ലഭിക്കേണ്ടവർ ഉടൻ ബന്ധപ്പെടുക:+971 55 862 1000

എഡിറ്റോറിയൽ

ക്രിസ്ത്യൻ ലൈവ്

2023 ജൂലൈ 24 തിങ്കൾ



# നീയോ അനന്യൻ

ഇന്നത്തെ കണ്ടുപിടുത്തങ്ങൾ നാളെ തിരുത്തിക്കുറിക്കുന്നു. ശരിയെന്നു പറഞ്ഞ് ആഘോഷിച്ചത് പലതും തെറ്റാണ് എന്നുപറഞ്ഞ് തുത്തെറിഞ്ഞു കളയുന്നു. നിയമങ്ങളും തീരുമാനങ്ങളും ഒക്കെ മാറ്റിമറിയപ്പെടുന്നു. എങ്ങും അരക്ഷിതവസ്ഥ. എവിടെ വിശ്വസിച്ചാലും , ആരെ ആശ്രയിച്ചാലും കൈവിടപ്പെടുന്ന അവസാനം. എന്നാൽ ഇവിടെ എബ്രായർ എന്ന വേദപുസ്തക ഭാഗത്തിൽ ലേഖനകർത്താവ് പറയുന്നു: " ആകാശവും ഭൂമിയും എല്ലാം നശിക്കും , പക്ഷെ ദൈവമെ അങ്ങു മാത്രം നിലനില്ക്കും, ഈ കാണുന്നതെല്ലാം മാറിപ്പോകും, നീയോ അനന്യൻ , നിന്റെ സംവത്സരങ്ങൾ അവസാനിക്കയുമില്ല". അതേ ദൈവപൈതലെ നമ്മുടെ ദൈവം ഒരിക്കലും നീക്കം വരാത്തവൻ , വാക്കു മാറാത്തവൻ . ഇന്നലേയയും ഇന്നും എന്നേക്കും അനന്യൻ തന്നെ. നമ്മോടൊരുമിച്ചു നടക്കുന്നവർ, ദുഃഖത്തെ വിലാപത്തെ നൃത്തമാക്കി മാറ്റുന്നവൻ നമ്മുടെ സങ്കേതവും ബലവും . കഷ്ടകാലത്ത് ഏറ്റവും അടുത്തുവന്നു രക്ഷിക്കുന്ന വീരൻ , രാജാധിരാജാവ്, കർത്താധികർത്താവ്, ആശ്വാസപ്രദൻ ഉത്തമ സ്നേഹിതൻ , ഉന്നതൻ , ഉയർന്നിരിക്കുന്നവൻ , സകലത്തിലും മീതെ ഉള്ളവൻ. ആപത്തിൽ ദിവ്യസങ്കേതം , ബലവും കോട്ടയും , ആശ്രയത്തിന്റെ കൊമ്പ് എല്ലാ ആശ്രയവും അവസാനിക്കുമ്പോൾ ദൈവത്തിലേക്ക് തിരിയുകയില്ല, ഇപ്പോൾതന്നെ അവനിൽ ആശ്രയിച്ചു തുടങ്ങുക. ഉന്നതമായ നിലവാരത്തിലേക്ക് നമ്മുക്ക് പ്രവേശനം ഉണ്ട്. നീക്കം വരാത്ത നിയമകർത്താവായ ദൈവത്തിന്റെ സന്നിധിയിൽ താണിരിക്കുക. അവിടുന്ന് നമ്മേ ഉയർത്തട്ടെ.



ഷിബു തോമസ് ഓക്ലഹോമ

# 1000 ടോർച്ചസ് മിഷൻ ചലഞ്ച് സെമിനാർ തുടരുന്നു

സംഘടനാ വ്യത്യാസമില്ലാതെ പാസ്റ്റേഴ്സിനേയും വിശ്വാസ സമൂഹത്തേയും സുവിശേഷീകരണത്തിനായി സജ്ജരാക്കുന്നതിനായി കേരളത്തിൽ 'ടോർച്ചസ്' എന്ന പേരിൽ 'മിഷൻ ചലഞ്ച് സെമിനാർ ജൂലൈ 31 മുതൽ വീണ്ടും ആരംഭിക്കുന്നു. ഇവാ. സാജു ജോൺ മാത്യു ടാൻസാനിയ & ടീം ക്ലാസുകൾ നയിക്കും. കൂടാതെ വടക്കേന്ത്യൻ മിഷനറിമാർ ഹൃദയസ്പർശിയായ ജീവിതാനുഭവങ്ങളും മീറ്റിംഗിൽ പങ്കുവയ്ക്കപ്പെടും. കേരളത്തിൽ 14 ജില്ലകളിലേയും സെമിനാറിനുള്ള ക്രമീകരണങ്ങൾക്ക് പാസ്റ്റർ സണ്ണി മാത്യു നേര്യമംഗലവും ഇവാ. സുനിൽ ടി. ശാമുവേൽ തിരുവല്ലയും നേതൃത്വം നൽകും.

ജൂലൈ 31 തിങ്കൾ രാവിലെ 10 മുതൽ വൈകിട്ട് 4 വരെ റാന്നി ഐപിസി ബഥേൽ ടൗൺ ചർച്ച് ഹാളിൽ സെമിനാർ നടക്കും. ഇവാ. മനോജ് മാത്യു ജേക്കബ് 95626 19606, പാസ്റ്റർ ടോണി തോമസ് 81295 44936, പാസ്റ്റർ ജേക്കബ് 9447092593 എന്നിവർ കോർഡിനേറ്റേഴ്സായി പ്രവർത്തിക്കുന്നു.

ആഗസ്റ്റ് 01 ചൊവ്വ രാവിലെ 10 മുതൽ വൈകിട്ട് 4 വരെ തൃശൂർ ഫുൾഗോസ്പൽ ചർച്ച് വർഷിപ്പ് സെന്റർ മിഷൻ കോർട്ടേഴ്സിൽ സെമിനാർ നടക്കും. പാസ്റ്റർ ബിജു ജോസഫ് 99956 95573, പാസ്റ്റർ എ.കെ. പൗലോസ് 88489 42012, പാസ്റ്റർ ലയണൽ ദാനിയേൽ 97462 28918, പാസ്റ്റർ ലാസർസി.വി. 8086556355 എന്നിവർ കോർഡിനേറ്റേഴ്സായി പ്രവർത്തിക്കുന്നു.

ആഗസ്റ്റ് 2 ബുധൻ രാവിലെ 10 മുതൽ വൈകിട്ട് 4 വരെ പെരുമ്പാവൂർ അല്ലപ്ര മട്ടമ്മേൽ ഓഡിറ്റോറിയത്തിൽ സെമിനാർ നടക്കും. ബ്രദർ ബേസിൽ അറക്കപ്പടി 98474 12435, പാസ്റ്റർ വത്സൻ പീറ്റർ 92078 95040, പാസ്റ്റർ രഞ്ചു മാത്യു 99471 33222, പാസ്റ്റർ വർഗ്ഗീസ് കാലടി 94465 42261, പാസ്റ്റർ ജോയി വർഗ്ഗീസ് 98479 93505, ബ്രദർ മാത്യു കിങ്ങിണിമറ്റം 94466 87347, ബ്രദർ ബിനു കുര്യാക്കോസ് 9946372999 എന്നിവർ കോർഡിനേറ്റേഴ്സായി പ്രവർത്തിക്കുന്നു.

ആഗസ്റ്റ് 3 വ്യാഴം രാവിലെ 10 മുതൽ വൈകിട്ട് 4 വരെ അടൂർ നെല്ലിമൂട്ടിൽപടി ഐപിസി ഹെബ്രോൻ ചർച്ച് ഹാളിൽ സെമിനാർ നടക്കും. പാസ്റ്റർ ജിബിൻ ഫിലിപ്പ് 96560 62967, പാസ്റ്റർ ജി. സാംകുട്ടി അടൂർ 94461 16363, പാസ്റ്റർ ഷാജൻ കുര്യൻ 9846792837 എന്നിവർ കോർഡിനേറ്റേഴ്സായി പ്രവർത്തിക്കുന്നു.

# ഐ.പി.സി.എൻ.ആർ പ്രൊമോഷനൽ മീറ്റിംഗ് നടന്നു

**ഐപിസി നോർത്തേൺ റീജിയൺ മീഡിയ ടീം**



ന്യൂഡൽഹി: ഐ.പി.സി. നോർത്തേൺ റീജിയൺ സെൻട്രൽ സോണിലെ സഭകളുടെ പ്രമോഷണൽ മീറ്റിംഗ് ജൂലൈ 23 ഞായറാഴ്ച വൈകിട്ട് 5:30 ഗോൾ മാർക്കറ്റിലുള്ള ഐ.പി.സി. നോർത്തേൺ റീജിയൺ ആസ്ഥാനത്ത് നടത്തപ്പെട്ടു. പാസ്റ്റർ ബിജി തോമസിന്റെ അധ്യക്ഷതയിൽ സീനിയർ മിനിസ്റ്റർ പാസ്റ്റർ. ഫിലിപ്പോസ് മത്തായിയുടെ പ്രാർത്ഥനയോടെ മീറ്റിംഗ് ആരംഭിച്ചു. ബ്രദർ ജെറമിയും സിസ്റ്റർ പെർസിസ് ജോണും ആരാധനയ്ക്ക് നേതൃത്വം നൽകി. റീജിയന്റെ വർക്കിംഗ് പ്രസിഡന്റ് പാസ്റ്റർ ലാജി പോൾ ആമുഖ പ്രസംഗം നടത്തി. വിവിധ സ്ഥലങ്ങളിലെ സഭകൾ ഇന്ന് കടന്നുപോകുന്ന അതികഠിനമായ പീഢനങ്ങളെ സംബന്ധിച്ചും അതിൽ ദൈവജനത്തിന്റെ ഉത്തരവാദിത്വത്തെ സംബന്ധിച്ചും അദ്ദേഹം ഓർമിപ്പിച്ചു. നമ്മുടെ ദർശനം ഉത്തര ഭാരതത്തിന്റെ സുവിശേഷീകരണവും സഭാ സ്ഥാപനവും ആകുന്നു. എബ്രായർ 6:10 നെ അടിസ്ഥാനമാക്കി ഈ ശുശ്രൂഷയിൽ വ്യത്യസ്ത നിലകളിൽ പങ്കാളികൾ ആകുവാൻ അദ്ദേഹം ദൈവജനത്തെ ഉത്സാഹിപ്പിച്ചു.

ഐ.പി.സി. നോർത്തേൺ റീജിയന്റെ പ്രാരംഭം മുതലുള്ള പ്രവർത്തനങ്ങൾ വൈസ് പ്രസിഡന്റ് പാസ്റ്റർ സാമുവൽ തോമസ് വിശദീകരിച്ചു. നീണ്ട 53 വർഷങ്ങൾ ദൈവം ഐ.പി.സി.എൻ.ആറിനെ നടത്തിയ വഴികളെ തന്റെ പ്രസംഗത്തിൽ അദ്ദേഹം ഓർമിപ്പിച്ചു. 20 സംസ്ഥാനങ്ങളിലായി 10 സോണുകളും 450 സഭകളും 600 ൽ പരം ഔട്ട് ടമേശേീ പ്രവർത്തനങ്ങളുമായി ദൈവം ഐ പി സി നോർത്തേൺ റീജിയന്റെ പ്രവർത്തനങ്ങളെ വിശാലമാക്കി. റീജിയന്റെ സാമ്പത്തീക ഉപദേശകൻ ബ്രദർ എം. ജോണിക്കുട്ടി പ്രവർത്തനങ്ങളുടെ സാമ്പത്തീക ആവശ്യങ്ങൾ വിശദീകരിച്ചു. റീജിയൺ ജനറൽ ട്രഷറർ ബ്രദർ റിജോയ് നന്ദി പ്രകാശിപ്പിച്ചു. ഐ.പി.സി.എൻ. ആർ സെൻട്രൽ സോൺ പ്രസിഡന്റ് പാസ്റ്റർ. മത്തായി കെ.ജി യുടെ പ്രാർത്ഥനയോടെയും ആശിർവാദത്തോടെയും ഈ മീറ്റിംഗിനു സമാപനമായി.

# അഫ്ഗാനിസ്ഥാനിൽ വെള്ളപ്പൊക്കം; 31 മരണം



കാബൂൾ:അഫ്ഗാനിസ്ഥാനിൽ കനത്ത മഴയെ തുടർന്നുണ്ടായ വെള്ളപ്പൊക്കത്തിൽ 31 പേർ മരിച്ചു, 41 പേരെ കാണാതായി. 606 വീടുകൾക്ക് ഭാഗികമായോ പൂർണമായോ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. നിരവധി ആളുകൾ അവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങിക്കിടക്കുകയാണെന്നാണ് വിവരം. ദുരന്തനിവാരണ മന്ത്രാലയത്തിന്റെ കണക്കനുസരിച്ച്, പ്രകൃതിദുരന്തങ്ങൾ കാരണം അഫ്ഗാനിസ്ഥാനിൽ കഴിഞ്ഞ നാല് മാസത്തിനിടെ 214 പേരാണ് കൊല്ലപ്പെട്ടത്. 74 പേരെ പരുക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കാബൂൾ, മൈതാൻ വർദക്, ഗാസ്നി പ്രവിശ്യകളെയാണ് മഴ കാര്യമായി ബാധിച്ചിരിക്കുന്നത്.

## മണിപ്പൂർ ഐക്യദാർഢ്യ ക്രൈസ്തവ സംഗമം നാളെ

തിരുവനന്തപുരം :പെന്തെകോസ്റ്റൽ കൗൺസിൽ ഓഫ് ഇന്ത്യ തിരുവനന്തപുരം ജില്ല യുടെ ആഭിമുഖ്യത്തിൽ ജൂലൈ 25 ചൊവ്വാഴ് വൈകിട്ട് 3 ജങ്ങ തിരുവനന്തപുരം പാളയം രക്തസാക്ഷി മണ്ഡപത്തിൽ മണിപ്പൂർ ഐക്യദാർഢ്യ ക്രൈസ്തവ സംഗമം നടക്കും. സഭാ നേതാക്കൾ, രാഷ്ട്രീയ നേതാക്കൾ, മാധ്യമ പ്രവർത്തകർ, എന്നിവർ പങ്കെടുക്കും

EDITORIAL BOARD

*Chief Editor:* Blessin John Malayil
**Managing Editor** Aji George
**Publisher** Nelson George

**Editors:**
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas , Oklahoma .
Pr. Blesson Cherian , Canada.
Rojin Pynummoodu
Duglus Joseph
Sis.Jessy Koshy
Sis.Blessy Rufus

+91 9188522220 +91 9846552220 Email: cnl7news@gmail.com

Layout: Shaji Vazhoor ... 9656571354

## മണിപ്പൂരിൽ ഇരുവിഭാഗങ്ങൾ തമ്മിൽ വെടിവെപ്പ്;

# സ്കൂളിന് തീയിട്ടു; ഒരു സ്ത്രീക്ക് വെടിയേറ്റു




ഇംഫാൽ: മണിപ്പൂരിൽ ഇരുവിഭാഗങ്ങൾ തമ്മിലുള്ള വെടിവെപ്പിൽ സ്കൂളിന് തീയിട്ടു. ചുരാചന്ദ്പുർബിഷ്ണുപുർ അതിർത്തിയിലെ ചിൽഡ്രൻസ് ട്രഷർ ഹൈസ്ക്കൂളിൽ ശനിയാഴ്ച വൈകുന്നേരമായിരുന്നു സംഭവം. അതേസമയം ബിഷ്ണുപുർ ജില്ലയിലെ ഖാക്തയിൽ നടന്ന വെടിവെപ്പിൽ ഒരു സ്ത്രീക്ക് വെടിയേറ്റിട്ടുണ്ട്. അപകടത്തെ തുടർന്ന് അവരെ ഇംഫാലിലെ ആശുപത്രിയിൽ ചികിത്സക്ക് പ്രവേശിപ്പിച്ചിട്ടാണുള്ളത്. സംഭവത്തെ തുടർന്ന് ഞായറാഴ്ച പകൽ വരെ വെടിവെപ്പുണ്ടായിരുന്നുവെന്ന് ടൈംസ് ഓഫ് ഇന്ത്യ റിപ്പോർട്ട് ചെയ്തു. 1.5 കോടി രൂപയുടെ വസ്തു വകകളാണ് സ്കൂളിൽ നിന്നും കത്തി നശിച്ചതെന്ന് റെസിഡൻഷ്യൽ സ്കൂൾ മാനേജ്മെന്റ് അറിയിച്ചു. പുസ്തകങ്ങൾ, ഫർണിച്ചറുകൾ, ഉപകരണങ്ങളടക്കം നശിപ്പിക്കപ്പെട്ടു.

മെയ് മൂന്നിന് കലാപം പൊട്ടിപ്പുറപ്പെട്ടതിന് പിന്നാലെ തന്നെ ക്യാമ്പസിൽ ആരും ഉണ്ടായിരുന്നില്ല. രണ്ടാഴ്ച മുമ്പ് അക്രമത്തെ ഭയന്ന് സെക്യൂരിറ്റിയും അദ്ദേഹത്തിന്റെ കുടുംബവും നാട് വിട്ട് പോയിരുന്നു. ഭാഗ്യവശാൽ സ്കൂളിന്റെ ഒന്നാം നിലയിലെ ഹോസ്റ്റലിൽ ആരും ഉണ്ടായിരുന്നില്ല. സ്കൂളിന്റെ സമീപത്തുള്ള വീടുകൾ തകർക്കപ്പെട്ടപ്പോൾ തന്നെ സ്കൂളിന് നേരെ ഒരു അക്രമം ഞങ്ങൾ പ്രതീക്ഷിച്ചിരുന്നു,' സ്കൂളിന്റെ ഉടമ ലിയാൻ ഖോ താാങ് വൈഫേയ് പറഞ്ഞു. 500 ഓളം കുട്ടികളാണ് സ്കൂളിൽ പഠിക്കുന്നത്. എന്നാൽ കുടിയിറക്കപ്പെട്ടവരെ പാർപ്പിക്കാൻ വേണ്ടി ചുരാചന്ദ്പുരിലെ സ്കൂളുകൾ ഉപയോഗിക്കുന്നതിനാൽ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം തടസപ്പെട്ടിരിക്കുകയാണ്

## ഒഡെസയിൽ റഷ്യൻ മിസൈൽ ആക്രമണം;

# ക്രൈസ്തവ ദൈവാലയത്തിനു കേടുപാടുകൾ



കീവ്: ഉക്രൈൻ തുറമുഖ നഗരമായ ഒഡെസയിൽ മിസൈൽ ആക്രമണം നടത്തി റഷ്യ. ആക്രമണത്തിൽ ഒരാൾ കൊല്ലപ്പെടുകയും 19 ആളുകൾക്ക് പരിക്കേൽക്കുകയും ചെയ്തതായി അധികൃതർ അറിയിച്ചു. ആക്രമണത്തിൽ നാല് കുട്ടികൾ ഉൾപ്പെടെ 14 പേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചതായി റീജിയണൽ ഗവർണർ ഒലെ കിപ്പർ പറഞ്ഞു. ആക്രമണത്തിൽ ക്രൈസ്തവ ദൈവാലയത്തിനും കേടുപാടുകൾ സംഭവിച്ചതായി സിറ്റി കൗൺസിൽ അറിയിച്ചിട്ടുണ്ട്. തിങ്കളാഴ്ച റഷ്യ ഉക്രൈനുമായുള്ള ധാന്യ ഇടപാട് അവസാനിച്ചത് മുതൽ ഒഡെസയിൽ ആക്രമണം തുടരുകയാണ്. ആക്രമണത്തിൽ നിരവധി കെട്ടിടങ്ങളും തകർക്കപ്പെട്ടതായി കിപ്പർ പറഞ്ഞു. അഞ്ചോളം മിസൈലുകൾ ഉപയോഗിച്ചാണ് ഒഡെസയിൽ റഷ്യ ആക്രമണം നടത്തിയതെന്ന് സൈന്യം പറഞ്ഞു.

ആക്രമണത്തിൽ ദൈവാലയത്തിനു സാരമായ കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെന്നും സൈന്യം അറിയിച്ചു. ഒഡെസയിലെ ഏറ്റവും വലിയ ക്രൈസ്തവ ദൈവാലയമാണ് ഇത്. 1809 ലാണ് ഇത് നിർമ്മിക്കപ്പെടുന്നത്. പിന്നീട് സോവിയറ്റ് യൂണിയൻ പള്ളി തകർത്തിരുന്നു. അതിന് ശേഷം 2003ലാണ് ഇവ വീണ്ടും പുതുക്കി നിർമ്മിക്കുന്നത്. ദൈവാലയത്തിന്റെ പകുതിയോളം ഭാഗം തകർക്കപ്പെട്ടിട്ടുണ്ട്. അലയത്തിന്റെ മേൽക്കൂര ആക്രമണത്തിൽ പകുതിയും തകർന്നു. ആക്രമണത്തെ തുടർന്നുണ്ടായ തീ പിടുത്തത്തിൽ ജനവാതിലുകളെല്ലാം കത്തി നശിച്ചു. ഒഡെസക്കെതിരായ ആക്രമണം അവസാനിപ്പിക്കാൻ യുനെസ്കോ റഷ്യയോട് തുടർച്ചയായി ആവശ്യപ്പെട്ടിരുന്നു.

## നിത്യതയിൽ



റാന്നി : ക്രിസ്ത്യൻ ലൈവ് ഉം അൽകയിൻ യൂണിറ്റ് പ്രസിഡണ്ട് ബ്രദർ ഏബ്രഹാം മേലേടത്തിന്റെ സഹോദരി ഭർത്താവും അബുദാബി ഫാൽക്കൺ സ്പ്രിങ് വാട്ടർ മുൻ മാനേജരുമായ പുല്ലുപ്രം മണിപ്പറമ്പിൽ മണി സാം (55) നിര്യാതനായി. സംസ്കാരം നാളെ രാവിലെ 11:30 ന് ഭവനത്തിലെ ശുശ്രൂഷയ്ക്ക് ശേഷം പൂവൻമല സെന്റ് തോമസ് മാർത്തോമ പള്ളിയിൽ നടക്കും. ഭാര്യ: മുക്കുഴി മേലേടത്ത് ബിജി, മക്കൾ:മാർക്ക്, ലൂക്ക്, പോൾ.

# ക്യാനഡയിൽ മലയാളി വിദ്യാർത്ഥി മുങ്ങി മരിച്ചു




റ്റൊറന്റോ : റ്റൊറന്റോയിലെ ഇന്ത്യൻ ക്രിസ്ത്യൻ ഫെല്ലോഷിപ്പ് സഭാംഗവും, അടൂർ സ്വദേശികളായ ജോസിന്റെയും മറിയാമ്മ ജോസിന്റെയും മകനും റ്റൊറന്റോയിലെ ലാംബൺ കോളേജ് വിദ്യാർത്ഥിയുമായ ബ്രദർ ജിജോ ജോസാണ് (28 വയസ്സ്) പീറ്റർബറോയ്ക്കടുത്തുള്ള ക്യാമ്പൽഫോർഡിൽ വച്ചുണ്ടായ അപകടത്തിൽ മുങ്ങി മരിച്ചത്. മൂന്ന് മാസം മുൻ പ് മാത്രമാണ് ബ്രദർ ജിജോ ജോസ് ക്യാനഡയിൽ പഠനത്തിനായി എത്തിയത്.സംസ്കാരം പിന്നീട്.

## ആരാധനാലയങ്ങൾക്കുള്ള പെർമിറ്റ് സംവിധാനം ലഘൂകരിച്ച് ഇൻഡോനേഷ്യ

ജക്കാർത്ത: ലോകത്തെ ഏറ്റവും വലിയ മുസ്ളീം ഭൂരിപക്ഷ രാഷ്ട്രമായ ഇന്തോനേഷ്യയിൽ ന്യൂനപക്ഷങ്ങൾക്ക് പ്രതീക്ഷ നൽകുന്ന പുതിയ പ്രഖ്യാപനവുമായി മതകാര്യ മന്ത്രി. ആരാധനാലയങ്ങൾക്കുള്ള ഭാരമേറിയ പെർമിറ്റ് ചട്ടങ്ങൾ ലഘൂകരിക്കാനുള്ള പദ്ധതി പ്രഖ്യാപിച്ചതായി റിപ്പോർട്ടുകൾ !. ഒന്നിലധികം ശുപാർശകളുടെ ഇന്തോനേഷ്യയുടെ ആവശ്യകതകൾ സഭകൾക്ക് ആരാധനാലയങ്ങൾ നിർമ്മിക്കുന്നത് ബുദ്ധിമുട്ടുണ്ടാക്കിയതായി മതകാര്യമന്ത്രി യാക്കത് ചോലിൽ ക്വമസ് പ്രസ്താവനയിൽ പറഞ്ഞു.

ഈ പദ്ധതി മിതത്വത്തിന്റെയും സഹിഷ്ണതയുടെയും ദൃഷ്ടാന്തമാകുമെന്നും അതിനാൽ ന്യൂനപക്ഷ മതവിഭാഗങ്ങൾക്കെതിരായ ഭൂരിപക്ഷത്തിന്റെ എതിർപ്പിനെ ലഘൂകരിക്കുമെന്നും ക്വമസ് പ്രതീക്ഷ അർപ്പിക്കുന്നു , ഒരാൾ എത്രത്തോളം ദൈവത്തെ മനസ്സിലാക്കുന്നുവോ അത്രയധികം സഹിഷ്ണതയുള്ള ആളാകുന്നു' ക്വമസ് പറഞ്ഞു.

## നിത്യതയിൽ



കുമ്പനാട് :ഇന്ത്യാ ബൈബിൾ കോളേജിലെ സ്റ്റാഫ് പാസ്റ്റർ അനു കോശിയുടെ ഭാര്യാ മാതാവും ചിറ്റാർ അസംബ്ലീസ് ഓഫ് ഗോഡ് സഭാംഗവും ആയ എൽസി ബിജു (61) നിത്യതയിൽ ചേർക്കപ്പെട്ടു. എറണാകുളം അമൃത ആശുപത്രിയിൽ തീവ്ര പരിചരണ വിഭാഗത്തിൽ അഡ്മിറ്റ് ആയിരുന്നു . സംസ്കാര ശുശ്രൂഷ ജൂലൈ 25, ചൊവ്വ രാവിലെ 08 മുതൽ ഉച്ചയ്ക്ക് 12.30 വരെ ചിറ്റാർ അസംബ്ളീസ് ഓഫ് ഗോഡ് ചർച്ചിന്റെ നേതൃത്വത്തിൽ നടക്കും.



പ്രെസ്റ്റൺ : പ്രെസ്റ്റൺ ഹോസ്പിറ്റലിൽ ചികിൽസയിലായിരുന്ന എറണാട്ടുകളത്തിൽ കണ്ണക്കര പള്ളി ഇടവകാംഗമായ മെറീന ലൂക്കോസ് (46 വയസ്സ്) ജൂലൈ 23 ഞാറാഴ്ച്ച നിത്യതയിൽ ചേർക്കപ്പെട്ടു.

കഠിനമായ പല്ല് വേദനെയെ തുടർന്ന് ജൂലൈ 21 വെള്ളിയാഴ്ച്ചയാണ് മെറീന ലുക്കോസിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ആശുപത്രിയിൽ ഇരിക്കെ തുടരെ തുടരെ സ്ട്രോക്ക് ഉണ്ടാവുകയും രോഗ നില വഷളാകുകയുമായിരുന്നു. തുടർന്ന് വെന്റിലേറ്ററിലായിരുന്ന മെറീന ജൂലൈ 23 ഞാറാഴ്ച്ച വെകുന്നേരം 8 മണിയോടെ മരണപെട്ടു. മെറീന ലുക്കോസ് രണ്ട് പെൺകുട്ടികളുടെ മാതാവുമാണ്.

## വാഹനാപകടത്തിൽ വൈദികൻ മരിച്ചു



തിരുവനന്തപുരം നെല്ലിമൂടിനു സമീപം കണ്ണറവിളയിൽ നിർത്തിയിട്ടിരുന്ന ലോറിയുടെ പിന്നിൽ ബൈക്കിടിച്ച് സിഎസ്ഐ തിരുപുറം സഭയിലെ വൈദികൻ ഷാജി ജോൺ(45) മരിച്ചു.

രാവിലെ ഏഴരയോടെയായിരുന്നു സംഭവം. സംഭവസ്ഥലത്തുവച്ചു തന്നെ വൈദികൻ മരിച്ചെന്നാണു വിവരം. സിസിടിവി ദൃശ്യങ്ങൾ പൊലീസ് പരിശോധിക്കും. നെടുമങ്ങാട്, വെസ്റ്റ് മൗണ്ട്, കൊറ്റംപള്ളി , കുറുവിലാഞ്ചൽ തുടങ്ങിയ സഭകളിൽ ശുശ്രൂഷകനായിരുന്നു.

## ഭാവന



ഷിജി എബ്രഹാം,
പട്ടാഴി



# ദൈവത്തിന്റെ ഓമനരാജകുമാരൻ

**സൂ**ര്യൻ പടിഞ്ഞാറെ ചക്രവാളത്തിലേക്ക് മറയേണ്ടുന്ന താമസം. താരഗണസൈന്യം ആകാശത്ത് അണിനിരക്കുകയായി. പൂനിലാവ് പരത്തുവാനായിട്ട് കൂടെ തിങ്കളും എത്തിയിട്ടുണ്ട്.
വധൂവരന്മാരെ ആനയിച്ചിരുത്തുവാനായി അണിയിച്ചൊരുക്കിയിട്ടിരിക്കുന്ന കല്യാണപ്പൂപന്തൽ പോലെ ആകാശം അണിഞ്ഞൊരുങ്ങി നില്ക്കുകയാണ്. ആകാശം ദൈവം തന്നിൽ ചൊരിഞ്ഞ മഹത്വത്തെ വെളിപ്പെടുത്തുകയാണ്. ആകാശം ദൈവത്തിന്റെ കൈവേലയെ പ്രസിദ്ധമാക്കുകയാണ്.

അതാ ഈ മനോഹരമായ ആകാശക്കാഴ്ച്ച നോക്കിക്കോണ്ട് ഇങ്ങുതാഴെ ഭൂമിയിൽ പച്ചപ്പാർന്നൊരു പ്രദേശത്ത് ചെറിയൊരു പാറമുകളിൽ പവിഴനിറമുള്ളവനും , സുനേത്രനും , കോമളരൂപനുമായ ഒരു ഇടയകുമാരൻ ഇരിക്കുന്നു. ദാവീദ് എന്നാണ് ആ ഇടയകുമാരന്റെ പേര്. യെഹൂദായിലെ യിശ്ശായിയുടെ മക്കളിൽ ഏറ്റവും ഇളയവനായ താൻ നല്ലൊരു ഗായകനും , സങ്കീർത്തന രചയിതാവും , കിന്നരവായനയിൽ നിപുണനുമാണ്. മനോഹരമായ ആ ആകാശക്കാഴ്ച്ച കാണുക എന്നതിനപ്പുറം അവയെ ഒക്കേയും അതിമനോഹരവും ,അത്ഭുതകരവുമായി ചമച്ച് നിയന്ത്രിക്കുന്നവനുമായ ദൈവത്തിന്റെ വലിപ്പവും തേജസ്സും മഹത്വവും തന്റെ ഉൾക്കണ്ണു കൊണ്ട് ദർശിക്കുകയാണ്. അതിനെക്കുറിച്ച് ധ്യാനിച്ചിട്ട് തന്റെ ദൈവത്തെ വാഴ്ത്തിപ്പാടി സ്തുതിക്കാതിരിയ്ക്കുവാൻ ആയതില്ല.

അതാ മനസ്സിനെ തൊട്ടുണർത്തുന്ന ദൈവീക സ്പർശനത്തിന്റെ വാക്കുകൾ വരികളാക്കിക്കൊണ്ട് ഒരു മധുരസങ്കീർത്തനം ആ ഇടയകുമാരൻ ഇപ്രകാരം ആലപിക്കുകയായി...
1.ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു.,
ആകാശവിതാനം അവിടുത്തെ കൈവേലയെ പ്രസിദ്ധമാക്കുന്നു.
2. പകൽ പകലിനു വാക്കു പൊഴിക്കുന്നു.,
രാത്രി രാത്രിക്ക് അറിവുകൊടുക്കുന്നു.
3.ഭാഷണമില്ല,വാക്കുകളില്ല,ശബ്ദം കേൾപ്പാനുമില്ല.
4. ഭൂമിയിൽ എല്ലാടവും അതിന്റെ അളവു നൂലും
ഭൂതലത്തിന്റെ അറ്റത്തോളം അതിന്റെ വചനങ്ങളും ചെല്ലുന്നു.,
അവിടെ ദൈവം സൂര്യന് ഒരു കൂടാരം അടിച്ചിരിക്കുന്നു.....
അങ്ങനെ 19ാം മതായിട്ട്പുതിയൊരു സങ്കീർത്തനം കൂടെ രചിച്ച് പാടുവാൻ ദൈവം കൃപചൊരിയുകയായി. തന്റെ ഭക്തൻ ഏകാഗ്രചിത്തനായി തന്നെ വാഴ്ത്തിപ്പാടി സ്തുതിക്കുന്ന മധുരസങ്കീർത്തനാലാപനം ശ്രവിച്ചിട്ട് ദൈവത്തിന്റെ തിരുഹൃദയം ആനന്ദം കൊണ്ടു നിറഞ്ഞു. ദൈവതിരുമുഖം ആഇടയകുമാരനു നേരെ പ്രസാദിയ്ക്കുകയായി. ഇതാ സ്നേഹത്താൽ നിറഞ്ഞ ദൈവസാന്നിദ്ധ്യം ആ ഇടയകുമാരനെ ചുറ്റിപൊതിഞ്ഞ് തലോടുകയായി. ദൈവമാനുഷഹൃദയങ്ങൾ ഒന്നായിച്ചേരുന്ന ദൈവം മനുഷ്യപുത്രനോടു കൂടെ പ്രമോദിക്കുന്ന സ്വർഗ്ഗസന്തോഷത്തിന്റെ സംഗമവേളകൾ അവിടെ അരങ്ങേറുകയായി. ആ സന്തോഷവേളകളിൽ ആ ഇടയകുമാരൻ തന്റെ വ്യക്തിത്വനൊമ്പരങ്ങൾ മറന്ന് ഉല്ലസിക്കുകയാണ്. തന്റെ മാതാവും പിതാവും സഹോദരനും സ്നേഹിതനുമെല്ലാം തനിക്കീ സ്നേഹവാനായ ദൈവമാണ്. തന്റെ സന്തോഷത്തിന്റെ ഉറവിടവും , പ്രത്യാശയുടെ കേന്ദ്രവുമാണ് അവിടുന്ന്. തന്റെ ദൈവമായ കർത്താവിനെ പ്രസാദിപ്പിച്ചുകൊണ്ട് ജീവിക്കുക എന്നതാണ് തന്റെ ജീവിതാഭിലാഷവും , ലക്ഷ്യവും .

മാതാപിതാക്കളും സഹോദരങ്ങളുമെല്ലാം തനിക്ക് ഉണ്ടായിരുന്നെങ്കിലും അനാഥമാക്കപ്പെട്ട ഏകാന്തവസ്ഥയിലൂടെയായിരുന്നു തന്റെ ജീവിതനാളുകൾ കടന്നു പൊയ്ക്കൊണ്ടിരുന്നത്. താൻ എട്ടാമത്തെ സന്തതിയായിപ്പോയതിനാലാണോ എന്തോ മാതാപിതാക്കളുടെ കാഴ്ച്ചപ്പാടിൽ താൻ അവർക്ക് ഒരു അധികപറ്റായി ജനിച്ച സന്തതിയാണ്. തന്റെ സഹോദരങ്ങൾ തന്നോട് പലപ്പോഴും കഠിനമായിട്ടായിരുന്നു സംസാരിച്ചിരുന്നത്. തന്റെ പിതാവ് തന്നെ ഏല്പപിച്ചിരിക്കുന്ന ഉത്തരവാദിത്വം ആട്ടിൻക്കൂട്ടത്തെ മേയ്ക്കലും അവയുടെ പരിപാലനവുമായിരുന്നു. അതുകൊണ്ടുതന്നെ തന്റെ വാസവും ചങ്ങാത്തവുമെല്ലാം മിക്കപ്പോഴും അവയോടൊപ്പമായിരുന്നു.

മാതാപിതാക്കളിൽ നിന്നും ഒരു മകന് ലഭിക്കേണ്ടുന്നതായ വേണ്ടത്ര സ്നേഹപരിലാളനകളോ, പരിഗണനകളോ ഒന്നും തനിക്ക് ലഭിച്ചിരുന്നില്ല. അതിനായിട്ട് തന്റെ ഹൃദയം എത്രമാത്രം കൊതിച്ചിരുന്നെന്നോ?
അപ്പോഴെല്ലാം തന്റെ ഹൃദയത്തിൻ മുറിവിൽ തലോടി തനിക്ക് ആശ്വാസവും ബലവുമേകി തന്റെ ഏകാന്തവേളയെ ആനന്ദവേളയാക്കി തീർത്തത് സ്നേഹനിധിയായ തന്റെ കർത്താവ് ആയിരുന്നു. കർത്താവുമായിട്ടുള്ള കൂട്ടായ്മയും ആ സ്നേഹബന്ധവുമാണ് തന്നെ ഇത്രത്തോളവും നിലനില്ക്കുമാറാക്കിയത്.
മാതാപിതാക്കൾക്ക് വേണ്ടാത്തവൻ. എന്നാൽ ദൈവത്തിന് അങ്ങനെയല്ലായിരുന്നു. ദൈവത്തിന് തന്റെ ഓമനരാജകുമാരനായിരുന്നു.തന്റെ ഹൃദയപ്രകാരമുള്ള വ്യക്തിയായിരുന്നു.മാന്യനും , ശ്രഷ്ഠനുമായിരുന്നു ആ ഇടയകുമാരൻ. തന്റെ ജനത്തെ വാഴുവാനുള്ള നല്ലൊരു രാജാവിനെ ദൈവം ആ ഇടയകുമാരനിൽ കണ്ടിരുന്നു. ദൈവം തന്റെ തിരുഹൃദയത്തിൽ ഇപ്രകാരം തീരുമാനിച്ചുറച്ചു. ഇവനെ ഞാനെന്റെ ജനത്തിന് പ്രഭുവായി നിയമിക്കും .

അങ്ങനെ വർഷങ്ങൾ മുന്നോട്ടു കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ യിസ്രായേൽ ജനത്തിന്റെ രാജാവായിരുന്ന ശൗൽ ദൈവകല്പന അവഗണിച്ച് തന്നിഷ്ടപ്രകാരം പ്രവർത്തിച്ചതിനാൽ ശൗലിനെ ദൈവം രാജസ്ഥാനത്തു നിന്നും തള്ളിക്കളഞ്ഞു. പകരം ദൈവം തന്റെ ഓമനരാജകുമാരന്റെ മേൽ രാജാഭിഷേകത്തെ പകർന്നു നല്കി തന്റെ പ്രവാചകനായ ശമൂവേലിലൂടെ. അതും തന്നെ ഒരു പരദേശിയെപ്പോലെ കണ്ടിരുന്ന തന്റെ സഹോദരങ്ങളുടെ നടുവിൽ വച്ച്. ദൈവത്തോടുള്ള സ്നേഹത്താലും നന്ദിയാലും നിറഞ്ഞിട്ട് ആ ഇടയകുമാരന്റെ കണ്ണുകളപ്പോൾ ആനന്ദക്കണ്ണുനീരിനെ ഒഴുക്കിയിരുന്നു. ഇപ്രകാരം ദൈവം തന്റെ ഓമനരാജകുമാരനെ മാനിച്ചു യിസ്രായേലിൻ മേലുള്ള അധികാരത്തിന്റെ താക്കോൽ കൈമാറുകയുംതന്റെ ജനത്തിന് പ്രഭുവായി നിയമിക്കുകയും ചെയ്തു. അന്നു മുതൽ അഭിഷേകത്തിന്റെ ശക്തി തന്നെ രാജസിംഹാസനത്തിലേക്ക് യാത്ര ചെയ്പ്പിച്ചുകൊണ്ടിരുന്നു. അതിലേക്ക് ചെന്നെത്തപ്പെടുവാനായിട്ട് സംഭവബഹുലമായ പല ജീവിതാനുഭവങ്ങളേയും താൻ തരണം ചെയ്ത് മുന്നേറേണ്ടതായിട്ട് വന്നു. അഭിഷേകത്തിന്റെ ശക്തി വെളിപ്പെടുത്തുന്ന ഓർക്കുമ്പോൾ സന്തോഷത്തിന്റെ ദൈവസ്നേഹത്തിന്റെ മധുരിമ പകർന്നു നല്കുന്ന അനുഭവങ്ങളും , ദുഃഖത്തിന്റെ കയ്പ്പേകുന്ന ജീവൻമരണ പോരാട്ടങ്ങളും തന്റെ ജീവിതത്തിൽ അരങ്ങേറുകയുണ്ടായി. അവിടെയെല്ലാം സൈന്യങ്ങളുടെ യഹോവ തന്നോടു കൂടെയിരുന്ന് തുണച്ചതിനാൽ വിജയക്കൊടി തന്റെ കൈകളിൽ ആയിരുന്നു.

വർഷങ്ങൾ മുന്നോട്ടു പൊയ്ക്കൊണ്ടിരുന്നു. ദൈവീക വാഗ്ദത്തം തന്റെ ജീവിതത്തിൽ സാക്ഷാത്ക്കരിക്കപ്പെടുവാനുള്ള സമയത്തിന്റെ പൂർത്തീകരണാവസ്ഥയിൽ അങ്ങനെ ആ ഇടയകുമാരൻ എത്തിച്ചേർന്നു. തന്നെ തള്ളിക്കളഞ്ഞവർക്കൊന്നും ഒരിക്കലും ചിന്തിക്കാൻ പോലും പറ്റാത്തത്ര ഉന്നതനിലവാരത്തിലേക്ക് ആ ഇടയകുമാരന്റെ ജീവിതത്തെ ദൈവം അത്ഭുതവും അനുഗ്രഹവുമാക്കി തീർത്തു. ഇന്ന് താൻ ഒരു രാഷ്ട്രത്തിന്റെ ഏറ്റവും ഉന്നത പദവി അലങ്കരിക്കുന്ന ശ്രേഷ്ഠാധികാരിയായ രാജാവായി വാഴുകയാണ്. ഭവനത്തിലെ വിശേഷചടങ്ങുകളിൽ പങ്കെടുപ്പിക്കാതെ മാറ്റിനിർത്തപ്പെട്ടവൻ ഇപ്പോൾ യിസ്രായേൽ
ജനതയുടെ തന്നെ ഒന്നിനും ഒഴിച്ചുകൂടാനാവാത്ത ഏറ്റവും വേണ്ടപ്പെട്ട വിശിഷ്ട വ്യക്തിയായി മാറിയിരിക്കുന്നു.ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെയായിരുന്ന് ദൈവത്തിന്റെ ഹൃദയപ്രകാരം ജീവിച്ച ഇടയകുമാരന്റെ പേരിനെ ഭൂമിയിലുള്ള മഹാന്മാരുടെ പേരുപോലെ ദൈവം വലുതാക്കിതീർത്തു. അതുകൊണ്ടാണ് നമുക്കേവർക്കും ദാവീദ് ഇന്നും സുപരിചിതനായ വ്യക്തിയായി തീർന്നിരിയ്ക്കുന്നത്. ജീവനുള്ള ദൈവത്തോടു കൂടെ ചേർന്നു നടക്കുന്നവരുടെ പേര് ജീവന്റെ പുസ്തകത്തിൽ നിന്നും ഒരുനാളും മായപ്പെടുകയില്ല. അതിങ്ങനെ എന്നുമെന്നും അതിശോഭയോടെ തെളിഞ്ഞുവന്നു കൊണ്ടേയിരിക്കും .
ജീവനുള്ള ദൈവത്തിൽ പ്രത്യാശ വയ്ക്കുന്നവരേ നിങ്ങൾ ഒരുനാളും ലജ്ജിച്ചു പോകയില്ല എന്നതിന് ദൈവത്തിന്റെ ഓമനരാജകുമാരനായ ദാവീദിന്റെ ജീവിതാനുഭവങ്ങൾ നമുക്ക് നല്ലൊരു സാക്ഷ്യം ആകുന്നു.

## ബംഗാൾ ഉൾക്കടലിൽ ന്യൂനമർദ്ദം; ജില്ലകളിൽ യെല്ലോ അലെർട്ട്

തിരുവനന്തപുരം: മധ്യ പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിനും വടക്ക് പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിനും മുകളിലായി രൂപപ്പെട്ട ചക്രവാത ചുഴി അടുത്ത 24 മണിക്കൂറിനുള്ളിൽ ന്യൂനമർദ്ദമായി ശക്തി പ്രാപിക്കാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. സംസ്ഥാനത്ത് മഴ വ്യാപകമാകും. വിവിധ ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ മണിക്കൂറിൽ 40 കി.മീ വരെ വേഗതയിൽ വീശിയടിച്ചേക്കാവുന്ന ശക്തമായ കാറ്റിനും സാദ്ധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. കാലവർഷ കാറ്റ് സംസ്ഥാനത്ത് ശക്തിപ്രാപിച്ചു. വടക്കൻ ജില്ലകളിൽ മിന്നൽ ചുഴലിക്ക് സാദ്ധ്യതയെന്നും വിദഗ്ദ്ധർ പറയുന്നു. ഇന്ന് കേരളത്തിൽ ഒൻപത് ജില്ലകളിൽ യെല്ലോ അലെർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിലാണ് ഇന്ന് ജാഗ്രതാ നിർദേശമുള്ളത്.

## നീലക്കുരുവി മാറി, പകരം X വന്നു; ട്വിറ്റർ ആസ്ഥാനത്തിലെ പുതിയ ലോഗോ പുറത്തുവിട്ട് മസ്ക്

സാന് ഫ്രാന്സിസ്കോ: കാലങ്ങളായി ടിറ്ററിന്റെ ഐക്കണായി ലോകമറിഞ്ഞ നീലക്കുരുവി ഇനിയില്ല. ടിറ്ററിന്റെ പുതിയ ലോഗോയായി ത എന്ന അക്ഷരം വരുന്ന പുതിയ ഡിസൈൻ നിശ്ചയിച്ചതായി പ്രഖ്യാപിച്ചുകൊണ്ടുള്ള ഇലോൺ മസ്കിന്റെ ടിറ്റ് പുറത്ത്. ടിറ്റർ കമ്പിനിയുടെ ആസ്ഥാനത്ത് പുതിയ ലോഗോ പ്രദർശിപ്പിച്ചതായുള്ള ദൃശ്യങ്ങളും മസ്ക് പുറത്തുവിട്ടിട്ടുണ്ട്. താമസിക്കാതെ ഞങ്ങൾ ടിറ്റർ ബ്രാൻഡിനോട് വിടപറയും. പതിയെ എല്ലാ പക്ഷികളോടും' എന്നാണ് ടിറ്ററിന്റെ ബ്രാൻഡ് മാറ്റത്തെ കുറിച്ച് മസ്ക് ടീറ്റ് ചെയ്തിരുന്നത്.

CNL7 MEDIA
Vol. 2 Issue 171
CHRISTIANLIVE DAILY
24
Monday
Pages 5
540

